കെ.എസ്.ഐ.ഡി.സി. നാളികേര പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ആർക്കിടെക്ടിനെ നിയമിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. യും ആയി ചേർന്ന് പാർക്കിലേക്ക് ഒരു ഡെഡിക്കേറ്റഡ് 11 കെ.വി. ഫീഡർ വലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാളികേര പാർക്കിന്റെ ഭാവി വികസനത്തിനായി 8 ഏക്കറോളം ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല നാളികേര പാർക്കിലേക്കുള്ള 7 കി.മീ. റോഡ് വീതി കൂട്ടുന്നതിനുവേണ്ടിയും നടപടിയെടുത്തിട്ടുണ്ട്.

(ബി) നാളികേര അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഐ.ഡി.സി. നാളികേര പാർക്ക് സ്ഥാപിച്ചത്. ഇതിലേക്കായി വ്യവസായ പാർക്കിനു ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കുന്നതാണ്. വൈദ്യുതി, വെള്ളം, റോഡ്, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, കോക്കനട്ട് ഇൻക്യൂബേഷൻ സെന്റർ, ക്വാളിറ്റി കൺട്രോൾ ലാബ്, ആർ & ഡി ഫെസിലിറ്റി, ലോജിസ്റ്റിക് ഹബ്ബ് എന്നിവ പാർക്കിൽ സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി. ഉദ്ദേശിക്കുന്നു.

സ്മാർട്ട്സിറ്റി പദ്ധതി

316 (665) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(ബി) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അവ ഏതുതരം ആവശ്യത്തിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂമിയുടെ ഉപയോഗം, പദ്ധതി പ്രദേശത്തിലുൾപ്പെട്ട റോഡുകൾ, പാലങ്ങൾ, വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വെള്ളം, മലിനജല കൈകാര്യ സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, ഇക്കോടോൺ ഭൂപ്രദേശങ്ങൾ, കളി സ്ഥലങ്ങൾ, പാർക്കുകൾ, നടപ്പാതകൾ എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പദ്ധതി രൂപരേഖയ്ക്ക് അനുമതി ലഭ്യമാക്കി. കൂടാതെ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെട്ട 246 ഏക്കർ ഭൂമിയിൽ 232 ഏക്കറിന് SEZ പദവി ലഭ്യമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസ് പദ്ധതിയ്ക്ക് ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള IT Park കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. ഇത് ഐ.ടി./ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതാണ്.

(സി) ആദ്യഘട്ടം മാർച്ച് 2015-ഓടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആദിവാസി ഗോത്രസഭയുടെ നില്പ് സമരം

317 (666) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ആദിവാസി ഗോത്രസഭയുടെ നില്പ് സമരം അവസാനിപ്പിക്കാൻ സർക്കാരും സമരക്കാരും തമ്മിലുണ്ടാക്കിയ ഒത്ത് തീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഒത്ത് തീർപ്പ് വ്യവസ്ഥകൾ പ്രകാരം സർക്കാർ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചു ; അവ ഏതെല്ലാം ; അവയുടെ കോപ്പികൾ ലഭ്യമാക്കുമോ ;

(സി) ആദിവാസികൾക്ക് നിലവിൽ ലഭ്യമല്ലാതിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പുതിയ ഒത്ത് തീർപ്പ് വ്യവസ്ഥയിലൂടെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസി ഗോത്രസഭയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്ന നില്പ് സമരം അവസാനിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) ഉണ്ട്. താഴെപ്പറയുന്ന ആറ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം 2-7 ആയി ഉള്ളടക്കം ചെയ്യുന്നു :*

1. സ.ഉ.(എംഎസ്.)നമ്പർ71/14/പജ.പവ.വിവ. തീയതി: 8-10-2014.
2. സ.ഉ.(എംഎസ്.)നമ്പർ72/14/പജ.പവ.വിവ. തീയതി: 8-10-2014.
3. സ.ഉ.(കൈ)നമ്പർ 79/14/പജ.പവ.വിവ. തീയതി: 29-10-2014.
4. സ.ഉ.(എംഎസ്.)നമ്പർ97/14/പജ.പവ.വിവ. തീയതി: 20-12-2014.
5. സ.ഉ.(എംഎസ്.)നമ്പർ98/14/പജ.പവ.വിവ.തീയതി:20-12-2014.
6. സ.ഉ.(സാ.ധ.)നമ്പർ 7906/2014/പൊ.ഭ.വ. തീയതി: 14-10-2014.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly